ലാബുകളിൽത്തന്നെ പരിശോധനാ വിഭാഗം ജീവനക്കാരെ യഥാസമയം നിയമിക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് പി.എസ്.സി. വഴി ജീവനക്കാരെ നിയമിച്ച് ആ ഗ്യാപ്പ് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, നിയമം വളരെ പെട്ടെന്നുതന്നെ പ്രാബല്യത്തിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഏറ്റവും ആധുനിക രീതിയിലുള്ള പരിശോധനാ സംവിധാനങ്ങളാണ് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഏർപ്പെടുത്തുന്നതെന്ന് ഗവൺമെന്റിന് ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 5,000 സ്ക്വയർഫീറ്റ് സ്ഥലം വേണം. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അത് കണ്ടെത്തുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നു. അതോടൊപ്പംതന്നെ ഇവിടെ ലാബ് ടെക്നീഷ്യൻസിന്റെ ഒഴിവിന്റെ കാര്യം പറഞ്ഞു. ലാബ് ടെക്നീഷ്യൻസ് കുറവുള്ള സ്ഥലങ്ങളിൽ തീർച്ചയായും അത് പരിശോധിക്കും. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ലാബ് ടെക്നീഷ്യൻസ് ഇല്ലെങ്കിൽ പരിശോധനാ സംവിധാനങ്ങളാകെ തകരാറിലാകും. ഇക്കാര്യം പരിശോധിച്ചതിനുശേഷം ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

V സബ്മിഷൻ

1. പഠന പ്രതിസന്ധി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കാസർഗോഡ് ജില്ലയിലെയും എന്റെ മണ്ഡലത്തിലെയും സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത ഒരു അടിയന്തര പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ മഹാഭൂരിപക്ഷംപേരും താൽക്കാലിക അദ്ധ്യാപകരാണ്. താൽക്കാലിക അദ്ധ്യാപകരെയെല്ലാം പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ താൽക്കാലിക അദ്ധ്യാപകരേയും പിരിച്ചുവിടാൻ ബന്ധപ്പെട്ട എച്ച്.എം. തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി പല സ്കൂളുകളിലും അദ്ധ്യാപകരില്ലാതെ പഠനം മുടങ്ങുകയാണ്. എന്റെ മണ്ഡലത്തിൽ മൂന്ന് ഹൈസ്കൂളുകൾ കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്, നീലമ്പാടി, ബന്തടുക്ക, പാണ്ടി. പാണ്ടിയിലെയും ബന്തടുക്കയിലെയും സ്കൂളുകൾ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയംവരിച്ചിരുന്നു. ഓരോ സ്കൂളിലും ആകെ രണ്ടും മൂന്നും സ്ഥിരം അദ്ധ്യാപകർ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. പാണ്ടി സ്കൂളിലാണെങ്കിൽ ഒരാളേയുള്ളൂ. ബാക്കി 27 പേരും താൽക്കാലിക ജീവനക്കാരാണ്. താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിട്ടതിന്റെ ഫലമായി സ്കൂളിലെ പഠിപ്പ് മുടങ്ങുകയാണ്. ഇത് വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, കാസർഗോഡ് ജില്ലയിലെ മിക്ക സ്കൂളുകളിലേയും സ്ഥിതി ഇതുതന്നെയാണ്. ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തതിനെ ഞാൻ എതിർക്കുന്നൊന്നുമില്ല. ബദൽ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമുണ്ടാക്കാതെ പിരിച്ചുവിട്ടതുമൂലം പഠനപ്രതിസന്ധിയുണ്ടായിരിക്കുകയാണ്. പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആളുകളെ നിയമിക്കുന്നതിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ നിലവിലുള്ള അദ്ധ്യാപകരെ പിരിച്ചുവിടുമ്പോൾ വേറെ അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ, ആ ജില്ലയിൽ പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ സ്കൂളുകളിലും മലയോര പ്രദേശത്തെ സ്കൂളുകളിലും അതിർത്തി പ്രദേശത്തുള്ള സ്കൂളുകളിലും പഠിപ്പ് മുടങ്ങുന്ന ഒരു രീതിയാണുള്ളത്. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 29-11-2013-ലെ ജി.ഒ.(പി) നമ്പർ 313/13 പൊതുവിദ്യാഭ്യാസ വകുപ്പുപ്രകാരം 2012-13 വർഷത്തെ സ്കൂളുകളിലെ തസ്തിക നിർണ്ണയം 2012 ഏപ്രിൽ, മേയ് മാസങ്ങളിലായി നടത്തിയിരുന്നു. ഇതുവഴി ഏകദേശം നാലായിരത്തോളം അദ്ധ്യാപകരാണ് സർക്കാർ സ്കൂളുകളിൽ അധികമുള്ളതായി കണ്ടെത്തിയിരുന്നത്. ഇത്രയും അദ്ധ്യാപകർ സ്കൂളുകളിൽ അധികമുള്ളതുകൊണ്ട് 2014-15-ലെ തസ്തിക നിർണ്ണയം പൂർത്തിയാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധിക ഒഴിവുകൾ നികത്തേണ്ടതില്ലെന്നും അധിക അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യസിക്കാമെന്നും വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരുന്നു. അദ്ധ്യാപകർ അധികമുള്ള സ്കൂളുകളിൽ നിന്നും അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിലേക്കും ആർ.എം.എസ്.എ. പ്രകാരം ഉയർത്തപ്പെട്ട സ്കൂളുകളിലേക്കും അദ്ധ്യാപകരുടെ സീനിയോറിറ്റി കർശനമായും പാലിക്കണമെന്ന വ്യവസ്ഥയോടെ താൽക്കാലികമായി വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യാസം നടത്താവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതാണ്. അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിൽ പഠനത്തിന് യാതൊരു തടസ്സവുമുണ്ടാകാതിരിക്കാനാണ് അപ്രകാരം പുനർവിന്യാസത്തിന് നിർദ്ദേശം നൽകിയിരുന്നത്. ഇതല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ മുമ്പ് നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിടാനുള്ള ഉത്തരവുകളൊന്നുംതന്നെ നൽകിയിട്ടില്ല.

2. ഗ്ലോബൽ ആയുർവേദിക് വില്ലേജ്

ശ്രീ. വർക്കല കഹാർ : സർ, നമ്മുടെ ആയുർവേദ മേഖലയെ ആഗോളതലത്തിൽ എത്തിച്ച് കേരളത്തെ ആയുർവേദത്തിന്റെ ലോകതലസ്ഥാനമാക്കുകയെന്ന ഉദ്ദേശത്തോടെ സാം പിത്രോഡ വിഭാവന ചെയ്ത സെന്റർ ഓഫ് എക്സലൻസുകളിൽ കേരളത്തിലെ ആദ്യത്തെ ഇനമാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. ഈ വില്ലേജിൽ ആയുർവേദത്തിന്റെ നിലവാരം ഉയർത്തുന്നതിനായി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ഇന്റർനാഷണൽ അക്കാദമി, ഫിനിഷിംഗ് സ്കൂൾ, ആയുർവേദ വെൽനസ് സോൺ, ടെലി മെഡിസിൻ സൗകര്യങ്ങൾ, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ടുഘട്ടങ്ങളിലായി ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതാണ്. ഈ പ്രോജക്ടിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ 7.48 ഏക്കറിലായി തോന്നയ്ക്കലിൽ ആരംഭിക്കാൻ പോകുകയാണ്. ഇതിന്റെ രണ്ടാംഘട്ട

LIBRARY ARCHIVES Kerala Legislative Assembly